65 (2250) പോലീസ് വകുപ്പിലെ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റുകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച്, ജില്ലാ സായുധ റിസർവ്, ആംഡ് പോലീസ് ബറ്റാലിയൻ എന്നീ മൂന്ന് വിഭാഗങ്ങളിൽ സബ് ഇൻസ്പെക്ടർ റാങ്ക് മുതൽ മുകളിലോട്ടുള്ള ഏതെങ്കിലും റാങ്കുകളിൽ കേരള പി.എസ്.സി. നടത്തുന്ന ഏതെങ്കിലും ഡിപ്പാർട്ടുമെന്റൽ ടെസ്റ്റുകൾ പാസ്സാകേണ്ടതുണ്ടോ;

(ബി) എങ്കിൽ സബ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഓരോ റാങ്കിനും ഏതൊക്കെ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റുകളാണ് പാസ്സാകേണ്ടതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ ടെസ്റ്റുകൾ പാസ്സായില്ലെങ്കിൽ ഉണ്ടാകാവുന്ന നഷ്ടം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലെ ഡി.വൈ.എസ്.പി.യ്ക്ക് കേരള പി.എസ്.സി. നടത്തുന്ന അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ് എന്ന ടെസ്റ്റ് പാസ്സാകേണ്ടതുണ്ട്. എന്നാൽ ആംഡ് റിസർവിലും ആംഡ് പോലീസ് ബറ്റാലിയനിലും ഇത് ബാധകമല്ല.

(ബി) 'എ' വിഭാഗത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രോബേഷൻ ഡിക്ളയർ ചെയ്യുന്നതിനും പ്രൊമോഷനും പരീക്ഷ പാസ്സാകേണ്ടതുണ്ട്. മാത്രമല്ല പരീക്ഷ പാസ്സായില്ലെങ്കിൽ വാർഷിക ഇംക്രിമെന്റ് അനുവദിക്കുകയുമില്ല.

66 (2251) ഡി.പി.സി. കൂടാൻ നടപടി

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ആംഡ് റിസർവ് ക്യാമ്പുകളിൽ എ.എസ്.ഐ., എസ്.ഐ., സി.ഐ. തസ്തികകൾ പലതും നികത്താതെ കിടപ്പുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഒഴിവുകൾ നികത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഈ ഒഴിവുകളിലേക്ക് നിയമനയോഗ്യരായവരെ ശുപാർശ ചെയ്യാൻ ഡി.പി.സി. റഗുലർ ആയി കൂടണമെന്ന് നിർദ്ദേശം നിലവിലുണ്ടോ;

(ഡി) ഒഴിവുകൾ ഉണ്ടായിട്ടും കാലാകാലങ്ങളിൽ ഡി.പി.സി. കൂടാതിരിക്കുന്ന കാര്യം ഗവണ്മെന്റിന് അറിവുണ്ടോ;

(ഇ) ഈ ദുഃസ്ഥിതി അവസാനിപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും സമയബന്ധിതമായി ഡി.പി.സി. കൂടുന്നതിനും ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly